സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 20 2025 മാർച്ച് 25 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഫ്ളൈറ്റ് മിസ്സായി, മദ്യലഹരിയിൽ വിമാനത്താവളത്തിൽ അക്രമം കാണിച്ച് യാത്രക്കാരൻ

ഫ്ളൈറ്റ് മിസ്സായി, മദ്യലഹരിയിൽ വിമാനത്താവളത്തിൽ അക്രമം കാണിച്ച് യാത്രക്കാരൻ. ഡബ്ലിൻ വിമാനത്താവളത്തിലാണ് സംഭവം. ഷർട്ട് അഴിച്ച് വിമാനത്താവളത്തിലെ സാധന സാമഗ്രികൾ തല്ലിപ്പൊട്ടിക്കുന്നതും എറിഞ്ഞുടയ്ക്കുന്നതും ഫർണിച്ചറുകൾ മറിച്ചിടുന്നതും വീഡിയോയിലുണ്ട്ഐറിഷ് എയർലൈൻ ഗ്രൂപ്പായ റയാൻഎയർ വിമാനമാണ് ഇയാൾക്ക് മിസ്സായത്. 29കാരനായ ലൂക്കാസ് കൗനിയെറ്റിസ് എന്ന യുവാവാണ് അക്രമം നടത്തിയത്. സംഭവത്തെ തുടർന്ന് റയാൻഎയർ യുവാവിനെ പത്ത് വർഷത്തേക്ക് വിമാനയാത്രയ്ക്ക് വിലക്കേർപ്പെടുത്തി. വിമാനത്താവളത്തിലെ മദ്യനയങ്ങൾ കർശനമാക്കുകയും ചെയ്തു. ഇയാൾക്കെതിരേ ക്രിമിനൽ-നാശനഷ്ട കുറ്റം ചുമത്തി കോടതിയിൽ ഹാജരാക്കി

തൃശൂർ പൂരം കലക്കൽ; മന്ത്രി കെ രാജന്റെ മൊഴിയെടുക്കാൻ അന്വേഷണ സംഘം

തൃശൂർ: പൂരം കലക്കലിൽ റവന്യൂ മന്ത്രി കെ രാജന്റെ മൊഴിയെടുക്കാൻ അന്വേഷണ സംഘം. പൂരം നടക്കുമ്പോൾ മന്ത്രി തൃശൂരിൽ ഉണ്ടായിരുന്നു. സംഭവത്തിൽ പൊലീസിന് വീഴ്ചയുണ്ടായതായി കെ രാജൻ മുൻപ് പറഞ്ഞിരുന്നു. എഡിജിപി എം ആർ അജിത്ത് കുമാറിന്റെ വീഴ്ചയുമായി ബന്ധപ്പെട്ട് ഡിജിപി നടത്തുന്ന അന്വേഷണത്തിന്റെ ഭാഗമായാണ് മൊഴിയെടുപ്പ്.

അതേസമയം, നിയമസഭാ സമ്മേളനം കഴിഞ്ഞ് മൊഴിയെടുക്കാനുള്ള സമയം നൽകാം എന്നാണ് മന്ത്രി അന്വേഷണ സംഘത്തെ അറിയിച്ചിരിക്കുന്നത്. സമ്മേളനം വരെ തിരക്കിലാണ് എന്നാണ് മന്ത്രി അറിയിച്ചത്. ഇന്നാണ് സമ്മേളനം അവസാനിക്കുന്നത്. മന്ത്രിയുടെ മൊഴിയെടുത്തതിനുശേഷം എം ആർ അജിത്ത് കുമാറിന്റെ മൊഴിയെടുക്കും.

തൃശൂർ പൂരം കലക്കലുമായി ബന്ധപ്പെട്ട് ത്രിതല അന്വേഷണമാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. എഡിജിപിയുടെ വീഴ്ച സംബന്ധിച്ചുള്ള അന്വേഷണം, പൂരം കലക്കലിലെ ഗൂഢാലോചന സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം, പൊലീസ് ഒഴികെ മറ്റ് വകുപ്പുകളുടെ അന്വേഷണം സംബന്ധിച്ച് അന്നത്തെ ഇന്റലിജൻസ് എഡിജിപിയായിരുന്ന മനോജ് എബ്രഹാമിന്റെ അന്വേഷണം എന്നിവയാണിത്. മനോജ് എബ്രഹാം റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. മറ്റ് രണ്ട് അന്വേഷണങ്ങളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പൂരം കലക്കലിൽ പൊലീസ് ഒഴിച്ച് മറ്റ് വകുപ്പുകളെക്കുറിച്ച് പരാതി ഉയർന്നിട്ടില്ല. എന്നിട്ടും അന്വേഷണം പ്രഖ്യാപിച്ചത് എല്ലാവരെയും സംശയമുനയിലാക്കി കുറ്റക്കാരെ രക്ഷപെടുത്താനാണെന്ന് ആക്ഷേപം ഉയർന്നിരുന്നു.

ഡിജിപിയുടെ ആദ്യ അന്വേഷണത്തിൽ തൃശൂർ പൂരം നടത്തിപ്പ് ചുമതല ജില്ലാ ഭരണകൂടത്തിനും ജില്ലാ പൊലീസിനുമാണെന്നാണ് അജിത്ത് കുമാർ മൊഴി നൽകിയത്. 'ജനക്കൂട്ടത്തെ നിയന്ത്രിക്കുകയാണ് പൊലീസിന്റെ ചുമതല. ഹൈക്കോടതി മാർഗനിർദ്ദേശ പ്രകാരവും സർക്കാരിന്റെ പ്രോട്ടോക്കോൾ പ്രകാരവുമാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്. തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ ഇവ നിയമവിരുദ്ധമായി മറികടക്കുന്നത് പൊലീസ് കണ്ടെത്തിയിരുന്നു. ജില്ലാ ഭരണകൂടവും ഇത് അനുവദിച്ചില്ല. മാർഗരേഖ ശക്തമായി നടപ്പാക്കാൻ തീരുമാനിച്ചു. അതിനായി പൊലീസ് സമഗ്രമായ പദ്ധതിയുണ്ടാക്കി. ഒരു ദേവസ്വത്തിലെ ആളുകൾ മനഃപൂർവ്വം പൊലീസിന് പ്രശ്നങ്ങൾ സൃഷ്ടിച്ചു- എന്നായിരുന്നു എഡിജിപി എം ആർ അജിത്ത് കുമാർ മൊഴി നൽകിയത്.

മകളുടേയും മരുമകളുടേയും സ്വർണം മോഷ്ടിച്ച് ആഭിചാരവും ധൂർത്തും

ചെറുതോണി (ഇടുക്കി): മകളുടെയും മരുമകളുടേയും സ്വർണം മോഷ്ടിച്ചെന്ന പരാതിയിൽ തങ്കമണി സ്വദേശിനിയെ പോലീസ് അറസ്റ്റുചെയ്തു. അച്ചൻകാനം പഴയചിറയിൽ ബിൻസി ജോസാ(53)ണ് പിടിയിലായത്. ഇവരുടെ, സൈനികനായ മകനാണ് പരാതി നൽകിയത്. ഇവരെ ഒളിവിൽ കഴിയാൻ സഹായിച്ച മൂവാറ്റുപുഴ കദളിക്കാട് കുറുപ്പംപറമ്പിൽ അംബിക(49)യും അറസ്റ്റിലായി.

തന്റെ ഭാര്യയുടെയും സഹോദരിയുടെയും സ്വർണം മോഷ്ടിച്ച് പണയപ്പെടുത്തിയെന്നും ഈ പണം ഉപയോഗിച്ച് ആഭിചാരക്രിയയും ധൂർത്തും നടത്തിയെന്നുമാണ് ബിൻസിക്കെതിരേ മകൻ അഭിജിത്തിന്റെ പരാതി.

വിവാഹം കഴിഞ്ഞ് രണ്ടാഴ്ച, കാമുകന്റെ സഹായത്തോടെ വാടകക്കൊലയാളിയെ ഏർപ്പാടാക്കി, ഭർത്താവിനെ വകവരുത്തി

ലക്നൗ: ഭർത്താവിനെ കൊലപ്പെടുത്തിയ കേസിൽ യുവതിയും കാമുകനും അറസ്റ്റിൽ. ദിലീപ് എന്നയാളാണ് കൊല്ലപ്പെട്ടത്. ഇയാളുടെ ഭാര്യ പ്രഗതി യാദവ്, കാമുകൻ അനുരാഗ് യാദവ് എന്നിവരാണ് അറസ്റ്റിലായത്. ഇവർക്കൊപ്പം വാടകക്കൊലയാളിയും പിടിയിലായിട്ടുണ്ട്.

മാർച്ച് അഞ്ചിനായിരുന്നു യുവതിയുടെയും ദിലീപിന്റെയും വിവാഹം. മാർച്ച് 19 നാണ് ഇരുപത്തിഞ്ചുകാരനായ ദിലീപിനെ വെടിയേറ്റ നിലയിൽ കണ്ടെത്തിയത്. തുടർന്ന് ചികിത്സയ്ക്കായി ബിധുനയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് കൊണ്ടുപോയി. എന്നാൽ ആരോഗ്യനില വഷളായതിനെത്തുടർന്ന് സൈഫായ് ആശുപത്രിയിലേക്കും പിന്നീട് മദ്ധ്യപ്രദേശിലെ ഗ്വാളിയോറിലേക്കും കൊണ്ടുപോയി. മാർച്ച് ഇരുപത്തിയൊന്നിന് ദിലീപ് മരിച്ചു.

ദിലീപിന്റെ സഹോദരന്റെ പരാതിയിലാണ് യുവതിയും കാമുകനും പിടിയിലായത്. ഇരുവരും തമ്മിൽ കഴിഞ്ഞ നാല് വർഷമായി പ്രണയത്തിലാണ്. ബന്ധം എതിർത്ത വീട്ടുകാർ നിർബന്ധപൂർവം ദിലീപിനെക്കൊണ്ട് യുവതിയെ വിവാഹം കഴിപ്പിക്കുകയായിരുന്നു.

വിവാഹശേഷം പരസ്പരം കാണാൻ സാധിക്കാതെ വന്നു. അതിനാലാണ് ദിലീപിനെ കൊലപ്പെടുത്തിയതെന്നാണ് പ്രതികൾ പൊലീസിനോട് പറഞ്ഞത്. രണ്ടുപേരും കൂടി റാംജി ചൗധരി എന്ന വാടകക്കൊലയാളിയെ രണ്ട് ലക്ഷം രൂപ നൽകി ഏർപ്പാടാക്കി.

റാംജിയും സഹായികളും ചേർന്ന് ദിലീപിനെ വയലിലേക്ക് കൊണ്ടുപോയി തുടർന്ന് മർദ്ദിക്കുകയും വെടിവയ്ക്കുകയും ചെയ്തു. ഉടൻ തന്നെ അവർ സംഭവസ്ഥലത്ത് നിന്ന് ഓടി രക്ഷപ്പെട്ടുവെന്ന് പൊലീസ് വ്യക്തമാക്കി. സിസിടിവി ദൃശ്യങ്ങളുടെ സഹായത്തോടെയാണ് പ്രതികളെ തിരിച്ചറിഞ്ഞത്. ഇവരിൽ നിന്ന് തോക്ക് അടക്കമുള്ളവ കണ്ടെത്തിയിട്ടുണ്ട്.

അശ്വതി ലഹരി വിൽപന തുടങ്ങിയത് ഭർത്താവുമായി അകന്നതിനുശേഷം, പിന്നാലെ മകനെയും ഒപ്പംകൂട്ടി

പാലക്കാട്: വാളയാറിൽ രാസലഹരിയുമായി അമ്മയും മകനും സുഹൃത്തുക്കളും പിടിയിലായ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. തൃശൂർ സ്വദേശി അശ്വതി (46), മകൻ ഷോൺ സണ്ണി (21), കോഴിക്കോട് എലത്തൂർ സ്വദേശികളായ പി മൃദുൽ (29), അശ്വിൻ ലാൽ (26) എന്നിവരാണ് പിടിയിലായത്.

ബംഗളൂരുവിൽ നിന്ന് വിൽപനയ്ക്കായി കാറിൽ കൊണ്ടുവരികയായിരുന്ന 13 ഗ്രാം എംഡിഎംഎയുമായി സംഘത്തെ ഇന്നലെയാണ് എക്സൈസ് പിടികൂടിയത്.

പി മൃദുൽ ആണ് കേസിലെ മുഖ്യപ്രതിയെന്ന് പൊലീസ് പറഞ്ഞു. ഇയാളാണ് വീട്ടമ്മയായ അശ്വതിയെ ലഹരി വിൽപനയിലേയ്ക്ക് എത്തിച്ചത്. അശ്വതി ഏറെക്കാലമായി ഭർത്താവുമായി പിരിഞ്ഞ് ജീവിക്കുകയായിരുന്നു. ഈ സമയത്താണ് മൃദുലിനെ പരിചയപ്പെടുന്നത്. ആദ്യം ലഹരി ഉപയോഗിച്ചുതുടങ്ങിയ അശ്വതി പിന്നീട് വിൽപനയിലേയ്ക്ക് എത്തുകയായിരുന്നു. ഒരു വർഷം മുൻപാണ് ലഹരിക്കടത്ത് തുടങ്ങിയത്. ബംഗളൂരുവിൽ നിന്ന് ലഹരി എത്തിച്ച് എറണാകുളത്ത് ചില്ലറ വിൽപന നടത്തിവരികയായിരുന്നു. ഇതിനിടെയാണ് വിൽപനയ്ക്ക് മകനെയും ഒപ്പം കൂട്ടിയത്. പ്രതികളെ ചോദ്യം ചെയ്തതിൽ നിന്നാണ് ഇക്കാര്യങ്ങൾ പുറത്തുവന്നത്.

പൊലീസിന്റെ പരിശോധനയിൽ പ്രതികളുടെ കാറിൽ നിന്ന് മയക്കുമരുന്ന് ഗുളിക, സിറിഞ്ച്, ത്രാസ് എന്നിങ്ങനെ ഉള്ള സാധനങ്ങളും കണ്ടെടുത്തിട്ടുണ്ട്. തൃശൂർ സ്വദേശികളായ അശ്വതിയും മകനും എറണാകുളത്താണ് താമസിക്കുന്നത്. എറണാകുളത്ത് വിൽക്കാനാണ് സംഘം എംഡിഎംഎ എത്തിച്ചതെന്നാണ് എക്സൈസ് ഉദ്യോഗസ്ഥർ പറയുന്നത്. പ്രതികൾ സഞ്ചരിച്ച കാറും എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു.

പരുമല തിരുമേനിയുടെ നാലാം തലമുറക്കാരൻ ഇനി സുറിയാനി സഭയുടെ പ്രാദേശിക തലവൻ

കോഴിക്കോട്: യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കയായി ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ഇന്ന് ബെയ്റൂത്തിൽ അഭിഷിക്തനാവുമ്പോൾ മലങ്കരസഭ പുതയുഗപ്പിറവിയിലേക്ക്. സഭയിലെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ നാലാം തലമുറക്കാരനാണ് മാർ ഗ്രീഗോറിയോസ്. സുറിയാനി സഭയുടെ 81-ാമത് കാനോനിക കാതോലിക്കയാണ് അദ്ദേഹം. ബെയ്റൂത്തിലെ പാത്രിയർക്കാ അരമനയിൽ വച്ച് പരിശുദ്ധ ഇന്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ വചനിപ്പ് പെരുന്നാൾ ദിവസത്തിലാണ് കാതോലിക്കയെ വാഴിക്കുന്നത്.

യാക്കോബായ സഭ പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ നേതൃത്വം നല്കുന്ന പുതിയ ഇടയൻ 1974 മാർച്ച് 25 നാണ് 13-ാം വയസിൽ ശെമ്മാശപട്ടം സ്വീകരിക്കുന്നത്. അര നൂറ്റാണ്ടിനിപ്പുറം അതേ ദിനത്തിൽ കാതോലിക്കാ ബാവയാവുന്നു. സമാധാനത്തിനും സമവായത്തിനും ഒരുക്കമുള്ള തുറന്ന മനസാണ് സഭാ നൗകയുടെ പുതിയ അമരക്കാരന്റെ പ്രത്യേകത. പരുമല തിരുമേനിയുടേയും തന്റെ ഗുരുനാഥനായ പെരുമ്പള്ളി തിരുമേനിയുടേയും അതേ പേരുകാരനായ മാർ ഗ്രീഗോറിയോസ് തന്റെ പിൻഗാമിയാവണമെന്ന് കാലം ചെയ്ത ശ്രേഷ്ഠ ബാവ ആഗ്രഹിച്ചിരുന്നു.

പരുമല തിരുമേനിയെപ്പോലെ ജന്മനാ അന്ത്യോഖ്യാ സിംഹാസന ഭക്തനായ മാർ ഗ്രീഗോറിയോസ് ഇന്ത്യയിലെ അഞ്ച് പാത്രിയർക്കാ സന്ദർശനങ്ങൾക്ക് ഒരുക്കങ്ങൾ നടത്തുകയും നേതൃത്വം വഹിക്കുകയും ചെയ്തു. കാതോലിക്കേറ്റ് അസിസ്റ്റന്റായും മലങ്കര മെത്രാപോലീത്തയായും പാത്രിയർക്കീസ് ബാവ ഇദ്ദേഹത്തെ ഉയർത്തി.

സഭാംഗങ്ങളുടെ പ്രാർത്ഥനകൾ ഏറ്റുവാങ്ങി പൗരോഹിത്യ ഉന്നതിയിലേക്ക് നടന്നുകയറുമ്പോൾ സത്യവിശ്വാസത്തെ മുറുകെ പിടിക്കുന്ന ഇടയശ്രേഷ്ഠനെയാണ് സഭക്ക് ലഭിക്കുന്നത്. പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ നേരിടാനുള്ള കരുത്തുറ്റ ശ്രമങ്ങൾ 64-കാരനായ ഇടയനിൽ നിന്നുണ്ടാവുമെന്ന് പൊതു സമൂഹം പ്രതീക്ഷിക്കുന്നു.

സഭാ ശുശ്രൂഷയിൽ ഇത്രകാലം താങ്ങും തണലുമായി വഴിനടത്തിയ സർവ്വശക്തന്റെ കയ്യിൽ തന്നെത്തന്നെ ഏല്പിച്ച് മുന്നോട്ടു പോകാനാവുമെന്ന വിശ്വാസമാണ് മാർ ഗ്രീഗോറിയോസിന്റെ കരുത്ത്. ഇതര വിശ്വാസ സമൂഹങ്ങളുമായി നല്ല ബന്ധമുള്ളയാളാണ് പുതിയ കാതോലിക്ക. മറ്റു ക്രൈസ്തവ സഭകളുമായി അദ്ദേഹം ഐക്യുമെനിക്കൽ ബന്ധം ദൃഢമാക്കി. അജപാലന ദൗത്യത്തിനൊപ്പം കാരുണ്യത്തിന്റെ വഴികളിലൂടെയും മാർ ഗ്രീഗോറിയോസ് സഞ്ചരിക്കുന്നു. 76 വീട് നിർമ്മിച്ച് നൽകിയും 40 യുവതികൾക്ക് വിവാഹധനസഹായം നൽകിയും 1995 മുതൽ അദ്ദേഹം സേവന വഴിയിൽ പ്രവർത്തിക്കുന്നു.

മെത്രാപ്പോലീത്തമാരെ വാഴിക്കാനും പ്രാദേശിക സുന്നഹദോസിനെ നയിക്കാനും കാതോലിക്കക്ക് അധികാരമുണ്ട്. ശ്രേഷ്ഠബസേലിയോസ് ജോസഫ് ബാവാ കാനോനിക കാതോലിക്കയാവുന്നത് യാക്കോബായ അസോസിയേഷൻ ഐകകണ്ഠ്യേന തിരഞ്ഞെടുത്തതിന് ശേഷമാണ്.

ഐബി ഉദ്യോഗസ്ഥയുടെ മരണം; പ്രണയനൈരാശ്യമെന്ന സംശയത്തിൽ പൊലീസ്

തിരു : രാജ്യാന്തര വിമാനത്താവളത്തിലെ എമിഗ്രേഷൻ ഇന്റലിജൻസ് ബ്യൂറോ ഉദ്യോഗസ്ഥയുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് കുടുംബം. സംഭവത്തിൽ വിശദമായ അന്വേഷണം വേണമെന്നാവശ്യപ്പെട്ട് പേട്ട പൊലീസിനും ഐബിക്കും പരാതി നൽകി.

പ്രണയനൈരാശ്യമാണ് ജീവനൊടുക്കാൻ കാരണമെന്നാണ് പൊലീസ് സംശയിക്കുന്നത്. ഐബിയിലെ ഉദ്യോഗസ്ഥനായ മലപ്പുറം സ്വദേശിയുമായി പെൺകുട്ടി പ്രണയത്തിലായിരുന്നുവെന്നാണ് ബന്ധുക്കൾ പറയുന്നത്. ഈ ബന്ധത്തെക്കുറിച്ച് മേഘ വീട്ടുകാരോട് പറഞ്ഞിരുന്നു. ആദ്യം വീട്ടുകാർ എതിർത്തെങ്കിലും പിന്നീട് സമ്മതിച്ചിരുന്നു. എന്നാൽ പിന്നീട് ഐബി ഉദ്യോഗസ്ഥൻ ബന്ധത്തിൽ നിന്ന് പിന്മാറി.

പത്തനംതിട്ട അതിരുങ്കൽ കാരയ്ക്കാക്കുഴി പൂഴിക്കാട് വീട്ടിൽ റിട്ട.ഗവ.ഐ.ടി.ഐ പ്രിൻസിപ്പൽ മധുസൂദനന്റെയും പാലക്കാട് കളക്ടറേറ്റ് ജീവനക്കാരി നിഷയുടെയും ഏക മകൾ മേഘയാണ് (25) മരിച്ചത്. പേട്ടയ്ക്കും ചാക്കയ്ക്കും ഇടയിലെ ട്രാക്കിൽ ഇന്നലെ രാവിലെ 9.15നാണ് മൃതദേഹം കണ്ടത്.

നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് പേട്ട പൊലീസെത്തി നടത്തിയ പരിശോധനയിൽ മൃതദേഹത്തിന് സമീപത്ത് നിന്ന് ബ്യൂറോ ഒഫ് സിവിൽ ഏവിയേഷന്റെ ഐ.ഡി കാർഡ് കണ്ടത്തിയതിനെ തുടർന്നാണ് ആളെ തിരിച്ചറിഞ്ഞത്. നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് ഇന്നലെ രാവിലെ വിമാനത്താവളത്തിൽ നിന്നിറങ്ങിയതായിരുന്നു മേഘ. തിരുവനന്തപുരത്തേക്ക് വരികയായിരുന്ന ജയന്തി ജനത എക്സ്പ്രസാണ് ഇടിച്ചത്.

ഫോണിൽ സംസാരിച്ച് ട്രാക്കിലൂടെ നടക്കുകയായിരുന്ന മേഘ ട്രെയിൻ വരുന്നത് കണ്ട് പെട്ടെന്ന് ട്രാക്കിനു കുറുകെ തലവച്ച് കിടക്കുകയായിരുന്നു എന്നാണ് ലോക്കോ പൈലറ്റ് നൽകിയ വിവരം.സംഭവ സമയം ആരോടാണ് ഫോണിൽ സംസാരിച്ചതെന്നും പരിശോധിക്കും. ട്രെയിൻ തട്ടി ഫോൺ പൂർണമായി തകർന്നതിനാൽ സൈബർ പൊലീസിന്റെ സഹായത്തോടെ വിവരങ്ങൾ ശേഖരിക്കുമെന്ന് പേട്ട സി.ഐ പ്രേംകുമാർ പറഞ്ഞു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് കൈമാറി.

മകൾക്ക് ഏതെങ്കിലും തരത്തിൽ ഒരു പ്രശ്നം ഉണ്ടായതായി മാതാപിതാക്കൾക്ക് അറിഞ്ഞിരുന്നില്ല. എന്നാൽ മരണത്തിന് പിന്നാലെ സഹപ്രവർത്തകർ പങ്കുവെച്ച വിവരങ്ങളിൽ നിന്നാണ് ചില ദുരൂഹതകളുണ്ട് എന്ന കാര്യം മനസ്സിലാകുന്നത്. അതിന് കാരണക്കാരനായിട്ടുള്ള സഹപ്രവർത്തകനായ ഐബി ഉദ്യോഗസ്ഥൻ തന്നെയാണെന്നാണ് സഹപ്രവർത്തകരിൽ നിന്ന് ലഭിക്കുന്ന വിവരം. മനോവിഷമത്തിലാണ് മേഘ ആത്മഹത്യ ചെയ്യാൻ കാരണമെന്നാണ് ബന്ധുക്കൾ ആരോപിക്കുന്നത്.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 921/2019

IA: 12214/2019

യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്

-ഹരജിക്കാരൻ (R3)

1) ജംഷീർ S/o. അബുബക്കർ, തെക്കൻ ഹൗസ്, വെളിയംക്കോട്, മലപ്പുറം, പിൻ-679579

2) സഫറുള്ള S/o. ഹംസ, തേച്ചൻ ഹൗസ്, തിരുവത്ര പി ഒ., തിരുവത്ര പി ഒ., മണത്തല (Via) തൃശൂർ, പിൻ-680516

-1, 2 എതൃകക്ഷികൾ മേൽ നമ്പറിൽ 1, 2 എതൃകക്ഷികൾക്കുള്ള IA: 12214/2019 നമ്പർ ഹരജിയിലെ നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് 12-06-2025 തിയ്യതിയിലേക്ക് വെച്ചിട്ടുള്ളതാണ്. ആക്ഷേപം ഉള്ളവർ അന്ന് രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-03-2025

ഹരജി (R3) ഭാഗം

അഡ്വക്കേറ്റ്

സി ഐ മാത്യു (ഒപ്പ്)

ചരത്തീസ്ഗഡിൽ ഏറ്റുമുട്ടൽ, മൂന്ന് മാവോയിസ്റ്റുകളെ സുരക്ഷാ സേന വധിച്ചു

റായ്പൂർ: ഛത്തീസ്ഗഡിൽ സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലിൽ മൂന്ന് മാവോയിസ്റ്റുകളെ വധിച്ചു. ദന്തേവാഡയ്ക്കും ബിജാപൂർ ജില്ലയ്ക്കും ഇടയിലെ അതിർത്തി പ്രദേശത്താണ് ഏറ്റുമുട്ടൽ ഉണ്ടായത്. മാവോയിസ്റ്റ് സാന്നിദ്ധ്യം കണക്കിലെടുത്ത് പ്രദേശത്ത് സുരക്ഷ വർദ്ധിപ്പിച്ചതായി സൈന്യം അറിയിച്ചു.

പ്രദേശത്ത് മാവോയിസ്റ്റുകൾ എത്തിയതായി വിവരം ലഭിച്ചതിനെത്തുടർന്ന് നടത്തിയ തെരച്ചിലിനിടെയാണ് കാട്ടിനുള്ളിൽ ഏറ്റുമുട്ടലുണ്ടായതെന്ന് ദന്തേവാഡ പൊലീസ് സൂപ്രണ്ട് ഗൗരവ് റായ് പറഞ്ഞു. പ്രദേശത്തുനിന്ന് ആയുധങ്ങളും മറ്റും പിടിച്ചെടുത്തു. മരിച്ചവരെ തിരിച്ചറിയാൻ സാധിച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

കേന്ദ്ര നിർദേശത്തെത്തുടർന്ന് ഛത്തീസ്ഗഡിൽ മാവോയിസ്റ്റ് വേട്ട വർദ്ധിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ വ്യാഴാഴ്ച ബിജാപൂരിലും കങ്കേറിലും ഉണ്ടായ ഏറ്റുമുട്ടലിൽ രണ്ട് ഡസനിലധികം മാവോയിസ്റ്റുകളെ വധിച്ചിരുന്നു. ഏറ്റുമുട്ടലിൽ ഒരു പൊലീസ് ഉദ്യോഗസ്ഥനും കൊല്ലപ്പെട്ടു. കഴിഞ്ഞ വർഷം മാത്രം 219 മാവോയിസ്റ്റുകളെയാണ് ഛത്തീസ്ഗഡിൽ വധിച്ചത്. 2023ൽ 22 പേരെയും 2022ൽ 30 പേരെയുമാണ് സുരക്ഷാസേന വധിച്ചത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം ഇക്കൊല്ലം രാജ്യത്തുടനീളം നടന്ന മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷനിൽ 113 പേരെയാണ് വധിച്ചത്. 104 പേർ അറസ്റ്റിലാവുകയും 164 പേർ കീഴടങ്ങുകയും ചെയ്തു. ഛത്തീസ്ഗഡിലെ ബാസ്റ്റർ, ദന്തേവാഡ, ബിജാപൂർ, കങ്കേർ, നാരായൺപൂർ, കൊണ്ടാഗോൺ, സുഖ്മ മേഖലകളിലാണ് കൂടുതലായും മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നടക്കുന്നത്. മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷനായ റെഡ് കോറിഡോറിന്റെ ഭാഗമായി ആയിരത്തിലധികം സൈനികരെയാണ് ഇവിടെ വിന്യസിച്ചിട്ടുള്ളത്.

യുഎസ് ഉന്നതരുടെ ചാറ്റ്ഗ്രൂപ്പിൽ മാധ്യമ പ്രവർത്തകനും; യെമൻ ആക്രമണ വിവരങ്ങൾ ചോർന്നു, ഗുരുതരവീഴ്ച

വാഷിങ്ടൺ: യുഎസ് ഉന്നതോദ്യോഗസ്ഥരുടെ ചാറ്റ് ഗ്രൂപ്പിൽ മാധ്യമപ്രവർത്തകനെ അബദ്ധത്തിൽ ചേർത്തു. യെമനിലെ ഹൂത്തികളുടെ താവളങ്ങൾ ആക്രമിക്കുന്നതിന്റെ വിശദമായ പദ്ധതികൾ ചർച്ച ചെയ്യാനുള്ള സിഗ്നൽ ആപ്പിലെ ഗ്രൂപ്പിലാണ് 'ദി അറ്റ്ലാന്റിക്' മാഗസിന്റെ എഡിറ്റർ-ഇൻ-ചീഫ് ജെഫറി ഗോൾഡ് ബെർഗിനെ അബദ്ധത്തിൽ ചേർത്തത്. 3500 വാക്കുള്ള ലേഖനത്തിലൂടെ ജെഫറി തന്നെയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

മൈക്കിൾ വാൾട്ട്സ് എന്നൊരാളിൽ നിന്നാണ് തനിക്ക് ചാറ്റ് ഗ്രൂപ്പിലേക്കുള്ള ക്ഷണം ലഭിച്ചതെന്ന് ജെഫറി പറയുന്നു. ഇത് വ്യാജമാണെന്നാണ് താൻ ആദ്യം കരുതിയത്. എന്നാൽ ഇത് യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവായ മൈക്കിൾ വാൾട്ട്സ് തന്നെയാണെന്ന് പിന്നീട് ബോധ്യപ്പെട്ടു. ഹൂത്തികളെ ആക്രമിക്കുന്നതിനുള്ള വിശദമായ പദ്ധതി 'ഹൂത്തി പിസി സ്മോൾ ഗ്രൂപ്പ്' എന്ന് പേരുള്ള ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നത് കണ്ടതോടെയാണ് ഇക്കാര്യം മനസിലായതെന്നും ജെഫറി പറഞ്ഞു.

യുഎസ്സിന്റെ യെമൻ ആക്രമണ പദ്ധതിയുടെ വിശദാംശങ്ങൾ ജെഫറി പുറത്തുവിട്ടില്ല. എങ്കിലും യെമനിൽ ആക്രമണം നടത്തേണ്ട ഇടങ്ങൾ, ഏതെല്ലാം ആയുധങ്ങളാണ് ഉപയോഗിക്കേണ്ടത് തുടങ്ങിയ വിവരങ്ങൾ തനിക്ക് ലഭിച്ചുവെന്ന് ജെഫറി തന്റെ റിപ്പോർട്ടിൽ പറഞ്ഞു. ഇതിന് ശേഷം മണിക്കൂറുകൾക്കകമാണ് യെമനിൽ ആക്രമണം നടന്നത്. ഇസ്രായേലിനാൽ ആക്രമിക്കപ്പെടുന്ന പാലസ്തീൻ ജനതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഹൂത്തികൾ ചെങ്കടൽ വഴി കടന്നുപോകുന്ന കപ്പലുകളെ ആക്രമിക്കാൻ ആരംഭിച്ചിരുന്നു. ഇതിനെതിരായാണ് യുഎസ് യെമനിൽ ആക്രമണം നടത്തുന്നത്.

ആക്രമണത്തിനോടുള്ള എതിർപ്പ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് ഗ്രൂപ്പിൽ പ്രകടിപ്പിച്ചു. ഒരുഘട്ടത്തിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ വാൻസ് വിമർശിക്കുകയും ചെയ്തുവെന്ന് ജെഫെറിയുടെ റിപ്പോർട്ടിൽ പറയുന്നു. ഗ്രൂപ്പ് ചാറ്റിലെ പല വിവരങ്ങളും താൻ പുറത്തുവിടുന്നില്ല എന്ന് റിപ്പോർട്ടിൽ ജെഫറി വ്യക്തമാക്കി. പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത് ഉൾപ്പെടെ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ആളൂർ പോലീസ് സ്റ്റേഷൻ മാറ്റാനുള്ള നീക്കം പൂർണ്ണമായി ഉപേക്ഷിക്കണം: തോമസ് ഉണ്ണിയാടൻ

കല്ലേറ്റുംകര : ആളൂർ പോലീസ് സ്റ്റേഷൻ ആളൂർ പഞ്ചായത്തിൽ നിന്നും മാറ്റുവാനുള്ള നീക്കം പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ആവശ്യപ്പെട്ടു. 2016 ജനുവരി 6 ന് യു. ഡി.എഫ് മന്ത്രിസഭ തീരുമാനമെടുക്കുകയും 2016 മാർച്ച് 3 ന് 44 ഉദ്യോഗസ്ഥരേയും പോലീസ് വാഹനവും അനുവദിച്ചുകൊണ്ടും പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് അനുവാദം നൽകിയ ഉത്തരവ് കിട്ടിയിട്ടുള്ളതും 2016 മാർച്ച് 4 ന് കല്ലേറ്റുംകരയിൽ പോലീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്യപ്പെട്ട് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.എന്നാൽ പിന്നീട് എൽ. ഡി. എഫ് സർക്കാർ പോലീസ് സ്റ്റേഷൻ അടച്ചു പൂട്ടുകയും ഇതിനെതിരെ താൻ ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് പോലീസ് സ്റ്റേഷൻ വീണ്ടും തുറക്കുന്നതിന് അനുമതി വാങ്ങി സ്റ്റേഷൻ ഇപ്പോൾ വീണ്ടും കല്ലേറ്റുംകരയിൽ പ്രവർത്തിച്ച് പോരുന്നതുമാണെന്ന് തോമസ് ഉണ്ണിയാടൻ ചൂണ്ടിക്കാട്ടി. വളരെ വിസ്തൃതമായ ആളൂർ പ്രദേശത്തെ മുഖ്യമായും ഉദ്ദേശിച്ചുകൊണ്ടാണ് സ്റ്റേഷൻ ഇവിടെ തുടങ്ങിയതെന്നും സ്റ്റേഷന്റെ പേരു തന്നെ ആളൂർ പോലീസ് സ്റ്റേഷൻ എന്നാണെന്നും ഉണ്ണിയാടൻ പറഞ്ഞു . റെയിൽവേ സ്റ്റേഷൻ, മറ്റു പ്രധാനപ്പെട്ട ഓഫീസുകളായ വില്ലേജ് ഓഫീസ്, സബ്ട്രജിസ്ട്രാർ ഓഫീസ്, പഞ്ചായത്ത് ഓഫീസ്, കെ. കരുണാകരൻ മെമ്മോറിയൽ പോളിടെക്നിക്ക് തുടങ്ങിയ സ്ഥാപനങ്ങളും പോലീസ് സ്റ്റേഷന്റെ പരിസരത്താണ് സ്ഥിതി ചെയ്യുന്നത്. യാതൊരു കാരണവശാലും പോലീസ് സ്റ്റേഷൻ ഇവിടെ നിന്നും മാറ്റാൻ നാട്ടുകാർ അനുവദിക്കരുതെന്നും തോമസ് ഉണ്ണിയാടൻ അഭ്യർത്ഥിച്ചു.

പോലീസ് സ്റ്റേഷൻ മാറ്റാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് കല്ലേറ്റുംകരയിൽ കേരള കോൺഗ്രസ്ആളൂർ മണ്ഡലം കമ്മിറ്റി നടത്തിയ ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു തോമസ് ഉണ്ണിയാടൻ. മണ്ഡലം പ്രസിഡന്റ് ഡെന്നിസ് കണ്ണംകുന്നി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് മുഖ്യപ്രഭാഷണം നടത്തി. കല്ലേറ്റുംകര സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എൻ. കെ. ജോസഫ് ധർണ്ണക്ക്അഭിവാദ്യമർപ്പിച്ചു. നിയോജകമണ്ഡലം പ്രസിഡന്റ്റോക്കി ആളൂക്കാരൻ, ജില്ലാ ജനറൽ സെക്രട്ടറി സേതുമാധവൻ, എ. കെ. ജോസ്, ജോജോ മാടവന, നൈജു ജോസഫ്, നെൽസൺ മാവേലി, എൻ. കെ. കൊച്ചുവാറു, ഷീല ഡേവിസ്, റാൻസി സണ്ണി എന്നിവർ പ്രസംഗിച്ചു.

ബ്രോഷർ പ്രകാശനം നടന്നു

മറ്റം:മാർച്ച് 30 ഞായർ മറ്റം കരിസ്മ ഓപ്പൺ ഓഡിറ്റോറിയത്തിൽ നടക്കുന്ന 'ആദരം മാതൃഭാഷക്കും ആന്റോ മാഷിനും ' എന്ന പരിപാടിയുടെ ബ്രോഷർ പ്രകാശനം നടന്നു. മറ്റം ചോയ്സ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മറ്റം ഫൊറാന വികാരി ഫാദർ ഡോക്ടർ പ്രാൻസിസ് ആളൂർ മുൻ കണ്ടാണശ്ശേരി പഞ്ചായത്ത് പ്രസിഡണ്ടും സാമൂഹ്യപ്രവർത്തകനുമായ ജെയിംസ് കാട്ടുകാരന് ബ്രോഷർ കൈമാറി. കണ്ടാണശ്ശേരി പഞ്ചായത്തംഗമായ ജോയ് ടി.ഒ. അധ്യഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് മിനി ജയൻ യോഗം ഉദ്ഘാടനം ചെയ്തു. ചൊവ്വന്നൂർബ്ലോക്ക് പഞ്ചായത്ത് വികസന വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ശാരി ശിവൻ മുൻ തൃശ്ശൂർ ജില്ലാപഞ്ചായഅംഗവും ദേശീയ അധ്യാപക അവാർഡ് ജേത്രിയുമായ എം. പദ്മിനി ടീച്ചർ, അഡ്വ പി.വി.നിവാസ്, ജെയ്സൺ ചാക്കോ, ബഷീർ പി.എ, അമൽ ജോസ്, ദിലിപ് പയനിത്തടം , എം.ആർ വർഗ്ഗീസ്, സേവി പി ടി, ഷീന സി.എം, സുധീർ സാരഥി, ഗ്ലാഡറേ സി.ജോൺ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ജനറൽ കൺവീനർ മേജർ പിജെ സ്റ്റൈജു ആദരപരിപാടികളെ കുറിച്ച് വിശദീകരിച്ചു. നമ്മുടെ ദേശം മാതൃഭാഷക്ക് നല്കുന്ന പ്രധാന്യം ഉയർത്തി കാട്ടുന്നതാണ് ഇത്തരം പരിപാടികളെന്ന് മറുപടി പ്രസംഗത്തിൽ എ.ഡി. ആന്റു മാസ്റ്റർ പറഞ്ഞു.

ആദരം പരിപാടിയിൽ ദയാബായി, ഡോ കെ.എം അനിൽ, കവി രാധകൃഷ്ണൻ കാക്കശ്ശേരി, കവി പി രാമൻ, ഡോ. ആർ സുരേഷ്, മുരളി പെരുന്നെല്ലി എം എൽ എ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും, തൃശ്ശൂർ ജില്ലയിലെ ഹയർ സെക്കൻഡറി മലയാളം വിഷയത്തിൽ നൂറിൽ നൂറ് മാർക്ക് നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിക്കുമെന്ന് സംഘാടക സമിതി ചെയർമാൻ ഡോ. എ എം റീന അറിയിച്ചു. അനീഷ് ആളൂർ, ജീനുമറ്റം എന്നിവരുടെ നേതൃത്വത്തിൽ സമ്മേളന നഗരിയിൽ മാതൃഭാഷ ശില്പങ്ങളും ഒരുക്കുന്നുണ്ട്. പരിപാടികൾക്ക് സിമി സാജു, രാധകൃഷ്ണൻ ചൂണ്ടൽ, അലൻ അക്കര, ഷീജോ വർഗ്ഗീസ് എന്നിവർ നേതൃത്വം നല്കി

ലഹരി മുക്ത നാടിനായി പ്രയത്നിയ്ക്കും: യൂത്ത് മൂവ്മെന്റ് മണ്ണുത്തി യൂണിയൻ

മണ്ണുത്തി: ലഹരി മുക്ത നാടിനായി പ്രയത്നിയ്ക്കുമെന്ന് എസ്. എൻ. ഡി.പി യോഗം യൂത്ത് മൂവ്മെന്റ് മണ്ണുത്തി യൂണിയൻ.മണ്ണുത്തി യൂണിയൻ യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന നേതൃയോഗത്തിലാണ് തീരുമാനമെടുത്തത്.ലഹരി വസ്തുക്കളുടെ ഉപയോഗം നമ്മുടെ സമൂഹത്തിൽ വ്യാപിച്ച് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യക്തിയെയും,സമൂഹത്തെയും ശിഥിലമാക്കുന്ന ലഹരി എന്ന വിപത്തിനെക്കുറിച്ച് വിദ്യാർത്ഥികളിലും, യുവതലമുറയിലും, പൊതു ജനങ്ങളിലും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനായി നോട്ടീസും,പ്രതിജ്ഞയും തയ്യാറാക്കി വിതരണം ചെയ്യുവാനും പ്രസ്തുത നേതൃയോഗം തീരുമാനിച്ചു. പ്രസ്തുത നേതൃയോഗത്തിന്റെ ഉദ്ഘാടനം എസ്.എൻ.ഡി.പി യോഗം യൂത്ത് മൂവ്മെന്റ് സംസ്ഥാന ജോയിന്റ് സെക്രട്ടറി ചിന്തു ചന്ദ്രൻ നിർവ്വഹിച്ചു.യൂത്ത് മൂവ്മെന്റ് മണ്ണുത്തി യൂണിയൻ പ്രസിഡണ്ട് ഇ.പി.പ്രശാന്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ യൂത്ത് മൂവ്മെന്റ് യോഗം പ്രതിനിധികളായ ലാൽ.സി.എം,രാഹുൽ രജീന്ദ്രൻ,ജോയിന്റ് സെക്രട്ടറിമാരായ സുബീഷ്.പി.സി,ജിമിത്ത്. പി.എം, കമ്മിറ്റി അംഗങ്ങളായ ഷിനോജ് പ്രഭാകരൻ,ജിതേന്ദ്രൻ.വി. ആർ,അമോഷ്.വി.എം,സുജിത എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.പ്രസ്തുത പരിപാടിയിൽ യൂത്ത് മൂവ്മെന്റ് യൂണിയൻ സെക്രട്ടറി വിനൂപ്കെ.എസ് സ്വാഗതവും,വൈസ് പ്രസിഡണ്ട് അരുൺ ഘോഷ് നന്ദിയും പറഞ്ഞു.

കോൺഗ്രസ് സംസ്കാര സാഹിതി ബഷീർ ആറങ്ങാടി ചെയർമാൻ

കാഞ്ഞങ്ങാട്: കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ കലാസാംസ്കാരിക വിഭാഗമായ സംസ്കാര സാഹിതിയുടെ കാസർകോട് ജില്ലാ ചെയർമാനായി ബഷീർ ആറങ്ങാടിയെ കെപിസിസി പ്രസിഡണ്ട് കെ സുധാകരന്റെ അനുമതിയോടെ സംസ്ഥാന ചെയർമാൻ സി ആർ മഹേഷ് എംഎൽഎ നിയമിച്ചതായി ഡിസിസി പ്രസിഡണ്ട് പി കെ ഫൈസൽ അറിയിച്ചു. കെ ദിനേശനാണ് കൺവീനർ. സി ആർ മഹേഷ് എംഎൽഎ ചെയർമാനും സംവിധായകൻ ആലപ്പി അഷറഫ് കൺവീനറും എൻ വി പ്രദീപ്കുമാർ വർക്കിംഗ് ചെയർമാനുമായി സംസ്കാര സാഹിതി സംസ്ഥാന കമ്മിറ്റി കഴിഞ്ഞ മാസമാണ് പുനസംഘടിപ്പിച്ചത്. സംസ്ഥാനത്തെ 14 ജില്ലകളിലും പുതിയ ജില്ലാ ചെയർമാൻ-കൺവീനർമാരെയും നിയമിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള അവഗണന: സമരാഗ്നി ജ്വലനം പത്താം നാൾ കഴിഞ്ഞു

ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള അവഗണനയ്ക്കെതിരെ 2025 മാർച്ച് 15 ന് വിളംബരം ചെയ്ത കല്ലേറ്റുംകര വികസന സമരം 10ാം നാൾ സമരാഗ്നി ജ്വലനം നടന്നു. താഴെക്കാട് സെന്ററിൽ സമരപരിപാടികൾ ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ ഉദ്ഘാടനം ചെയ്തു. സോമൻ ശാരദാലയം അദ്ധ്യക്ഷത വഹിച്ചു. കൊച്ചുമോൻ ഇടയപ്പുറത്ത്, ഷാജി കുന്തിലി, പോൾ തെക്കേത്തല, സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ, പോൾസൺ പുന്നേലിപറമ്പിൽ, കെ.പി. കുരിയൻ, ശശി ശാരദാലയം, ബിജു കൊടിയൻ, ആന്റു പുന്നേലിപറമ്പിൽ, ഡേവിസ് കണ്ണംകുന്നി, ഡേവിവിസ് എടപ്പിള്ളി, കെ.കെ. റോബി. ജോസ്. പി.എൽ തുടങ്ങിയവർ പങ്കെടുത്തു. കെ.എഫ്. ജോസ് സ്വാഗതം പറഞ്ഞു. വർഗ്ഗീസ് പന്തല്ലൂക്കാരൻ സമരസന്ദേശം നൽകി.

എടിഎമ്മിൽ നിന്ന് പണം പിൻവലിക്കുന്നതിന് ഇനി കൂടുതൽ തുക നൽകേണ്ടി വരും; മാറ്റങ്ങൾ മെയ് ഒന്ന് മുതൽ

തൃശൂർ: എടിഎമ്മിൽ നിന്ന് പണം പിൻവലിക്കുന്നതിന് ഇനി കൂടുതൽ തുക നൽകേണ്ടി വരും. മറ്റ് ബാങ്കുകളുടെ എടിഎം ഉപയോഗിക്കുന്നതിന് ഈടാക്കുന്ന എടിഎം ഇന്റർചെയ്ഞ്ച് ഫീസ് കൂട്ടുന്നതിന് റിസർവ് ബാങ്ക് അനുമതി നൽകി. സാമ്പത്തിക ഇടപാടുകൾക്ക് 2 രൂപയുടെയും സാമ്പത്തികേതര ഇടപാടുകൾക്ക് ഒരു രൂപയുടെയും വർധനവാണ് ഉണ്ടാകുക. മെയ് ഒന്നു മുതലാണ് ഫീസ് വർധന നടപ്പാക്കുക. നിലവിൽ എടിഎം വഴിയുള്ള പണമിടപാടുകൾക്ക് 17 രൂപയാണ് ഇന്റർചെയ്ഞ്ച് ഫീസ് ഇത് 19 രൂപയായി വർധിക്കും. സാമ്പത്തികേതര ഇടപാടുകൾക്കുള്ള ഫീസ് 6 ൽ നിന്ന് ഏഴു രൂപയായി ഉയരും.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പെരുന്നാൾ പുടവ നൽകി

കൊടുങ്ങല്ലൂർ: ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനും, എല്ലാവരേയും പോലെ അവർക്കും ഈ സമൂഹത്തിൽ വലിയ ഒരു ഇടമുണ്ടെന്ന് ബോധിപ്പിക്കുന്നതും നമ്മുടെ കടമയാണ് അതിൻറെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പെരുന്നാൾ പുടവയുടെ വിതരണോൽഘാടനം എംഇഎസ് തൃശ്ശൂർ ജില്ലാ സെക്രട്ടറി കെ. എം അബ്ദുൽ ജമാൽ നിർവ്വഹിച്ചു. കുട്ടികൾക്ക് അവരുടെ വസതികളിൽ എത്തിക്കുന്നതിന് പുടവകൾ കെയറിങ് ഹാൻസ് ലേഡീസ് ക്ലബ് കോർഡിനേറ്റർ ജുമൈല ജസീലിൻ ഏറ്റ് വാങ്ങി. ചടങ്ങിൽ ക്ലബ് പ്രസിഡന്റ് ബീന കാട്ടകത്ത് അധ്യക്ഷത വഹിച്ചു. ട്രഷറർ നൂർ ജഹാൻ മുഹമ്മദ് കാട്ടകത്ത് സ്വാഗതവും ഫാത്തിമ ഗഫൂർ നന്ദിയും പറഞ്ഞു.

ഖുർആൻ സ്റ്റഡി സെന്ററിൽ ഇഫ്താർ സംഗമം നടത്തി

ചാവക്കാട്:മത,സാമൂഹിക,സാംസ്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഖുർആൻ സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ സമാധാനവും സൗഹാർദ്ദവും പ്രമേയമാക്കി ഇഫ്താർ സംഗമം സംഘടിപ്പിച്ചു.

സമൂഹത്തിൽ ഏകോപനവും, സാമൂഹിക ഉത്തരവാദിത്വബോധവും ഉണർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഇഫ്താർ സംഗമം. ഖുർആൻ സ്റ്റഡി സെന്റർ ജനറൽ കൺവീനർറ്റി.കെ.അബ്ദുൾ സലാം അധ്യക്ഷത വഹിച്ചു. മുസ്ലീംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച്.റഷീദ് ഉത്ഘാടനം ചെയ്തു.

സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം മുഖ്യപ്രഭാഷണം നടത്തി.ശിഹാബ് ബാഖവി കാങ്കോൽ, കൗൺസിലർ ഷാനവാസ് ക്ലീമുല്ലാഹ്,ക്ബീർഫൈസി അകലാട്,ഇ.പി.സുലൈമാൻ ഹാജി, വി.എം.ഷാഹിദ്,സൽവ അഷറഫ്,ഷഫീഖ് വാഫി,റാഫി വലിയകത്ത്വി.കെ. മെഹ്നൂഫ് വാഫി,വി.കെ.മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

വാർത്താച്ചുരുക്കം

* തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ രാഷ്ട്രീയവിമുക്തമാക്കണമെന്ന് ജനാധികാര ജനമുന്നേററമുന്നണി രക്ഷാധികാരി തമ്പാൻ തോമാസ് ആവശ്യപ്പെട്ടു.
* ശുചിത്വ മിഷൻ പദ്ധതി സംബന്ധിച്ച് ജില്ലാ മിഷൻ മാധ്യമ ശില്പശാല സംഘടിപ്പിച്ചു

പൂരത്തിന്റെ അഴകായ പ്രദർശനം തുടങ്ങി

തൃശൂർ: പൂരത്തിന്റെ അഴകായ പ്രദർശനം തുടങ്ങി. വർണ്ണശബളമായ ചടങ്ങിൽ ഉൽഘാടനം നടന്നു. 62-ാമത് പ്രദർശനമാണ് ഇത്തവണ. മെയ് അവസാനവാരം വരെ പ്രദർശനം തുടരും.

മെയ് 6-7 തീയതികളിലാണ് പൂരം. തിരുവമ്പാടി പാറമേക്കാവ് ദേവസ്വങ്ങളുടെ നേതൃത്വത്തിൽ പ്രദർശനം ഗംഭീരമാക്കാൻ ഒരുക്കങ്ങൾ നടക്കുന്നത്. വ്യാപാര സ്റ്റാളുകൾ,വൈജ്ഞാനിക പവിലയനുകൾ, മത്സരങ്ങൾ തുടങ്ങിയവ നടക്കും.

പൂരത്തിന്റെ ചിലവ്. വഹിക്കുന്നത് പ്രദർശന വരുമാനം വഴിയാണ്. സാധാരണ ദിവസങ്ങളിൽ ടിക്കറ്റ് നിരക്ക് 40 രൂപ. പൂരം ദിവസങ്ങളിൽ 50 രൂപ. ജനങ്ങളുടെ സഹകരണം പ്രദർശന കമ്മറ്റി പ്രസിഡന്റ്റ് കെ.രവീന്ദ്രനാഥ്, സെക്രട്ടറി എം രവികുമാർ, ട്രഷറർ കെ. ദിലീപ് കുമാർ എന്നിവർ അഭ്യർത്ഥിച്ചു.

സീനിയർ സിറ്റിസൺസ് സേവിംഗ്സ് സ്കീം എച്ച്.ഡി.എഫ്.സി. ബാങ്കിലും ലഭ്യം

കൊച്ചി: ഇന്ത്യയിലെ മുൻനിര സ്വകാര്യ മേഖലാ ബാങ്കായ എച്ച്.ഡി.എഫ്.സി. ബാങ്ക്, വയോജനങ്ങൾക്കായി ഭാരത സർക്കാർ നടത്തുന്ന ഒരു സമ്പാദ്യ പദ്ധതിയായ സീനിയർ സിറ്റിസൺസ് സേവിംഗ്സ് സ്കീമിന് (എസ്.സി.എസ്.എസ്.) കീഴിൽ ഇനിമേൽ നിക്ഷേപങ്ങൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചു.

എച്ച്.ഡി.എഫ്.സി. ബാങ്ക് ഭാരത സർക്കാറിന്റെ ഒരു ഏജൻസി ബാങ്കായി പ്രവർത്തിക്കുകയും സ്കീം നിക്ഷേപങ്ങൾ നേടിയെടുക്കാൻ സഹായിക്കുകയും, അതോടൊപ്പം ഉപഭോക്താക്കൾക്ക് ആയാസരഹിതമായ സേവനം പ്രദാനം ചെയ്യുകയും ചെയ്യും. അർഹരായ എല്ലാ ഉപഭോക്താക്കൾക്കും ബാങ്കിന്റെ ഏത് ശാഖ സന്ദർശിച്ചും എസ്.സി.എസ്.എസ്.ന് അപേക്ഷിക്കാം.

തുങ്ങിമരിച്ചു

പുതുക്കാട്: കല്ലൂർ സ്വദേശി ചീനമ്പിള്ളി അന്തോണി മകൻ ജോണി (75) വിട്ടുമാറാത്ത അസുഖം മൂലം തൂങ്ങിമരിച്ചു.

ബാലകൃഷ്ണ ശ്രീകുമാർ പാറപ്പുറത്ത് നിര്യാതനായി

കല്ലൂർ : ബാലകൃഷ്ണ ശ്രീകുമാർ പാറപ്പുറത്ത് ഹൗസ്, മുട്ടിത്തടി, കല്ലൂർ (60) നിര്യാതനായി. സംസ്ക്കാരം ഇന്ന് 2 മണിക്ക് പാറമേക്കാവ് ശാന്തിഘട്ടിൽ. ഭാര്യ :രമ ശ്രീകുമാർ, മക്കൾ : സുധിഷ്, സൂരജ്. മരുമക്കൾ :അതുല്യ, കൃഷ്ണ



എ.കെ.സി.സി. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം

ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തിഡ്രൽ അഖില കേരള കത്തോലിക്ക കോൺഗ്രസിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഇരിങ്ങാലക്കുട രൂപത ഹൃദയ പാലിയേറ്റിവിലേക്ക് 5000 രൂപയുടെ ചെക്ക് ഡയറക്ടർ ഫാ.ഷാജു ചിറയത്തിന് നൽകി കൊണ്ട് കത്തീഡ്രൽ വികാരി റവ.ഡോ. ലാസർ കുറ്റിക്കാടൻ നിർവ്വഹിച്ചു. കത്തിഡ്രൽ എ.കെ.സി.സി. പ്രസിഡന്റ് രഞ്ചി അക്കരക്കാരൻ അധ്യക്ഷത വഹിച്ചു. പാലിയേറ്റിവ് അസി.ഡയറക്ടർമാരായ ഫാ.ജോസഫ് മാളിയേക്കൽ, ഫാ.റിന്റോ തെക്കിനിയത്ത്, എ.കെ.സി.സി.വൈസ് പ്രസിസന്റ് ജോസ് മാമ്പിള്ളി, പി.ആർ.ഒ. റെയ്സൺ കോലക്കണ്ണി, റോബി കാളിയങ്കര, ജോ.സെക്രട്ടറി അബ്രഹാം പള്ളിപ്പാട്ട്,പി.ടി. ജോർജ്, ടെൽസൺ കോട്ടോളി, ഷാജു പാറേക്കാടൻ എന്നിവർ പ്രസംഗിച്ചു.

NOTIFICATION

I, **SHARI T R,** D/o.Raju T M, Thombra (H), Kunnamkulam P O, Kunnamkulam Thrissur Dt, PIN 680503 hereby inviting to the notice of the Public that my BA History Exam Third year marklist of April 2011 with Reg.Nos: LFAIAHI005 of University of Calicut has been irrecoverably lost during a travel and as such I intend to apply for the duplicate of Third year marklist. If anybody happens to get the original may kindly send the same or intimate the undersigned of the University.

Certified that the aforesaid facts are absolutely true.

(Sd/-)
SHARI T R

Place : **Kunnamkulam**
Date : 25-03-2025

കോടതി പരസ്യം

ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ

OP(MV): 108/2018

Atheesh
-Petitioner

1) Anil,S/o. Ananda Raj, Vallath House, P.O. Thalikulam, Thrissur.
1) Praseetrha, D/o. Ananda Raj, Vallath House, P.O. Thalikulam, Thrissur.
- 5, 6 എതൃകക്ഷികൾ

മേൽ നമ്പ്രിൽ 5, 6 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് കേസ് **29-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു.

എന്ന്, 24-03-2025
ഹരജിഭാഗം അഡ്വക്കെറ്റ്
എ. ആർ രാജഗോപാലൻ
(ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS : 2535/2012, EP: 4349/2017, EA: 1932/2024

വിധി ഉടമ: മുകുന്ദപുരം താലൂക്ക് മനവലശ്ശേരി വില്ലേജ് ഇരിങ്ങാലക്കുട പട്ടണത്തിൽ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന അമ്പൂച്ചിയ ചിട്ടീസ് പ്രൈവറ്റ് ലിമിറ്റഡ്, ഇരിങ്ങാലക്കുട എന്ന സ്ഥാപനത്തിനു വേണ്ടി ചെയർമാൻ

-ഹർജിക്കാരൻ

വിധി കടക്കാർ: മുകുന്ദപുരം താലൂക്ക് മനവലശ്ശേരി വില്ലേജ് താണിശ്ശേരി ദേശത്ത് അമ്പലത്ത് വീട്ടിൽ ഷംസുദ്ദീൻ ഭാര്യ സബീന 2) ടി യിൽ അമ്പലത്തുവീട്ടിൽ മൂസ മകൻ ഷംസുദ്ദീൻ 3) ടി ദേശത്ത് പൂവത്തുംകടവിൽ വീട്ടിൽ ഖാലിദ് ഭാര്യ ബീവി

-എതൃകക്ഷികൾ

മേൽ നമ്പർ ഹരജി, എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും ടിയാരുടെ വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് **03-06-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുള്ളവർ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി മേൽ നമ്പർ നടത്ത് ഹരജിക്കാര്യത്തിൽ ഉത്തരവ് പാസ്സാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 24-03-2025
ഉത്തരവുപ്രകാരം വാദിഭാഗം അഡ്വക്കെറ്റ്
കെ ഗോപകുമാർ (ഒപ്പ്)